# പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ കേരളത്തിന് ആഘാതമാകുന്നു എന്ന് സി.എസ്.ഇ.എസ്. അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയത് മൂലം കേരളത്തിന് കുറഞ്ഞത് 16000 കോടി രൂപയുടെ നഷ്ടം വരുമെന്ന് പഠന റിപ്പോർട്ട്. 1971 ലെ ജനസംഖ്യക്ക് പകരം 2011 ലെ ജനസംഖ്യ ആധാരമാക്കുന്നതിലൂടെ മാത്രം പതിനാലാം ധനകാര്യ കമ്മീഷന്റെ വകയിരുത്തൽ അടിസ്ഥാനമാക്കി കണക്കാക്കിയാൽ 7800 കോടി രൂപയാണ് നഷ്ടമാകുക. വനവൽക്കരണം അടക്കമുള്ള പാരിസ്ഥിതിക പ്രവർത്തനങ്ങൾ മുൻ നിർത്തി പതിനാലാം ധന കമ്മീഷൻ നൽകിയ വിഹിതവും കേരളത്തിനു നഷ്ടമാകുമെന്നാണ് പരിഗണനാ വിഷയങ്ങൾ നൽകുന്ന സൂചന. ഇതുകൂടി സംഭവിച്ചാൽ 8200 കോടി രൂപ വരെ നഷ്ടമാകാം. ഇതിനു പുറമേയുള്ള മാനദണ്ഡങ്ങളിലൂടെ മറ്റിനങ്ങളിലും നഷ്ടം വരാമെന്ന് പഠനം നിരീക്ഷിക്കുന്നു.

കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയൺമെന്റൽ സ്റ്റഡീസ് ചെയർമാൻ Dr. K.K. ജോർജും ഫെലോ K.K. കൃഷ്ണകുമാറും ചേർന്ന് തയ്യാറാക്കിയ അവലോകന റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. മാനദണ്ഡം മാറ്റുന്നതിലൂടെ ഏറ്റവും നഷ്ടം വരിക തമിഴ്നാടിനായിരിക്കും. പതിനാലാം ധനകമ്മീഷൻ ശുപാർശ അടിസ്ഥാനമാക്കിയാൽ 10500 കോടി രൂപ കുറവായിരിക്കും തമിഴ്നാടിന് ലഭിക്കുക. ആന്ധ്രപ്രദേശിനും തെലങ്കാനക്കും കൂടെ 6500 കോടി രൂപയുടെയും കർണ്ണാടകത്തിന് 1800 കോടി രൂപയുടെയും നഷ്ടമുണ്ടാകും. ഏറ്റവും നേട്ടമുണ്ടാകുക ഉത്തർപ്രദേശിനാണ്, 9300 കോടി രൂപ കഴിഞ്ഞ ധന കമ്മീഷൻ ശുപാർശയേക്കാൾ കൂടുതലായി അവർക്ക് ലഭിക്കാം. രാജസ്ഥാൻ (7000 കോടി രൂപ), ബിഹാർ (6800 കോടി രൂപ) എന്നിവയാണ് നേട്ടമുണ്ടാക്കുന്ന സംസ്ഥാനങ്ങളിൽ രണ്ടും മൂന്നും സ്ഥാനത്ത് വരിക. (പട്ടിക കാണുക)

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിശോധനാ വിഷയങ്ങളിൽ ഒന്നായിട്ടാണ് കമ്മീഷൻ ശുപാർശയ്ക്ക് 2011 ലെ ജനസംഖ്യാ കണക്ക് ആധാരമാക്കും എന്ന് പറയുന്നത്. ജനസംഖ്യാ നിയന്ത്രണം പ്രോത്സാഹിപ്പിക്കുന്നതിനായി കാലാകാലങ്ങളായി കുടുംബാസൂത്രണം ശക്തമായി ആരംഭിക്കുന്നതിന് മുൻപുള്ള 1971 ലെ ജനസംഖ്യയാണ് മുൻ ധനകമ്മീഷനുകൾ ശുപാർശകൾക്ക് അടിസ്ഥാനമാക്കിയിരുന്നത്. ഇത് മാറ്റില്ലെന്ന് പാർലമെന്റിലും ഉറപ്പുകൾ നൽകിയിട്ടുള്ളതാണ്. 1979 ൽ ദേശീയ വികസന സമിതി അതിന്റെ മുപ്പത്തി മൂന്നാം യോഗത്തിലും ഈ നയം അംഗീകരിച്ചിരുന്നു. 2000 ലെ ദേശീയ ജനസംഖ്യാ നയത്തിലും ഇക്കാര്യം ആവർത്തിച്ചു. 1971 ലെ ജനസംഖ്യ ആധാരമാക്കി ലോക്സഭ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതും 25 വർഷത്തേക്ക് കൂടി തുടരാൻ തീരുമാനിച്ചത് 2001 ലാണെന്നതും പ്രസക്തമാണ്.

1971 നും 2011 നുമിടയിൽ ഏറ്റവും കുറഞ്ഞ ജനസംഖ്യാ വളർച്ചയുണ്ടായ സംസ്ഥാനമാണ് കേരളം. ഇന്ത്യയിലാകെ ഇക്കാലയളവിലെ ജനസംഖ്യാ വളർച്ച 120.8 ശതമാനമാണെങ്കിൽ കേരളത്തിന്റേത് 56.4 ശതമാനമാണ്. കേരളത്തിനൊപ്പം നഷ്ടം വരുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ ആസാമും ഹിമാചൽ പ്രദേശും പോലെയുള്ള പ്രത്യേക പരിഗണന കിട്ടേണ്ട സംസ്ഥാനങ്ങളുമുണ്ട്. വരുമാനം കുറഞ്ഞ ഒഡീഷപോലുള്ള സംസ്ഥാനങ്ങൾക്കും വിഹിതം കുറയും എന്ന് കണക്കുകൾ

**Table 1**

**Potential Losers and Gainers if 2011 population was taken instead of 1971 population in FC14 recommendation**

| Sl.No. | States | Population share in 1971 | Population share in 2011 | Difference in share | Amount of gain/loss if FC14 had adopted 2011 population (Rs.Crore) |
|---|---|---|---|---|---|
| | | **Losers** | | | |
| 1 | Tamil Nadu | 7.586 | 6.061 | -1.525 | -10537 |
| 2 | Kerala | 3.931 | 2.806 | -1.125 | -7773 |
| 3 | Andhra Pradesh* | 5.098 | 4.149 | -0.949 | -6557 |
| 4 | Odisha | 4.041 | 3.526 | -0.515 | -3558 |
| 5 | West Bengal | 8.159 | 7.667 | -0.492 | -3399 |
| 6 | Karnataka | 5.395 | 5.132 | -0.263 | -1817 |
| 7 | Punjab | 2.495 | 2.33 | -0.165 | -1140 |
| 8 | Assam | 2.693 | 2.621 | -0.072 | -497 |
| 9 | Himachal Pradesh | 0.637 | 0.577 | -0.06 | -415 |
| 10 | Goa | 0.146 | 0.123 | -0.023 | -159 |
| | | **Gainers** | | | |
| 11 | Uttar Pradesh | 15.439 | 16.785 | 1.346 | 9300 |
| 12 | Rajasthan | 4.744 | 5.758 | 1.014 | 7006 |
| 13 | Bihar | 7.757 | 8.745 | 0.988 | 6826 |
| 14 | Madhya Pradesh | 5.527 | 6.101 | 0.574 | 3966 |
| 15 | Haryana | 1.848 | 2.13 | 0.282 | 1948 |
| 16 | Jammu & Kashmir | 0.85 | 1.1053 | 0.2553 | 1764 |
| 17 | Gujarat | 4.916 | 5.077 | 0.161 | 1112 |
| 18 | Maharashtra | 9.283 | 9.44 | 0.157 | 1085 |
| 19 | Jharkhand | 2.62 | 2.771 | 0.151 | 1043 |
| 20 | Nagaland | 0.095 | 0.166 | 0.071 | 491 |
| 21 | Meghalaya | 0.186 | 0.249 | 0.063 | 435 |
| 22 | Mizoram | 0.061 | 0.092 | 0.031 | 214 |
| 23 | Arunachal Pradesh | 0.086 | 0.116 | 0.03 | 207 |
| 24 | Manipur | 0.198 | 0.216 | 0.018 | 124 |
| 25 | Uttarkhand | 0.827 | 0.847 | 0.02 | 138 |
| 26 | Tripura | 0.287 | 0.3019 | 0.0149 | 103 |
| 27 | Sikkim | 0.039 | 0.051 | 0.012 | 83 |
| 28 | Chhattisgarh | 2.143 | 2.146 | 0.003 | 21 |

Source: Population shares are taken from Report of the FC14

* Andhra Pradesh and Telangana combined

വ്യക്തമാക്കുന്നു. എന്നാൽ ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങളായ ഹരിയാന, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവ നേട്ടമുണ്ടാക്കുകയും ചെയ്യും.

ദക്ഷിണ സംസ്ഥാനങ്ങൾക്കെല്ലാം നഷ്ടം വരും. നേട്ടമുണ്ടാക്കുന്നവയിൽ ഉത്തർപ്രദേശും ബിഹാറും മധ്യപ്രദേശുമുണ്ട്.

കുറഞ്ഞ ജനസംഖ്യ ആധാരമാക്കുന്നത് ജനസംഖ്യ വളർച്ച കുറഞ്ഞ കേരളം പോലെയുള്ള സംസ്ഥാനങ്ങളെ പല തരത്തിൽ ബാധിക്കുന്നുണ്ട്. വിഭജനത്തിനുള്ള ഫോർമുല തയ്യാറാക്കുമ്പോൾ സംസ്ഥാനങ്ങളുടെ പ്രതിശീഷ ആഭ്യന്തര ഉൽപ്പാദനം (GSDP) തയ്യാറാക്കുമ്പോൾ ഏത് വർഷമാണ് ആധാരമാക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ വിഹിതത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ സ്ഥാനത്തിൽ ഗണ്യമായ മാറ്റം വരും. പ്രതിശീഷ ആഭ്യന്തര ഉൽപ്പാദനത്തിന്റെ കാര്യത്തിൽ 2011 ലെ ജനസംഖ്യ ആധാരമാക്കിയാൽ കേരളം എട്ടാം സ്ഥാനത്താകും. എന്നാൽ 1971 ലെ കണക്കെടുത്താൽ ഇത് താഴെ പതിനാറാം സ്ഥാനമാകും..

ജൈവ വ്യവസ്ഥയും പരിസ്ഥിതിയും കാലാവസ്ഥാവ്യതിയാനവും പരിഗണിച്ച് സംസ്ഥാനങ്ങൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതി പതിനാലാം ധനകമ്മീഷനാണ് ആരംഭിച്ചത്. നികുതി വിഹിതത്തിന്റെ ഏഴര ശതമാനം ഇതിന് നീക്കിവെച്ചു. കേരളത്തിന് മൊത്തം വിഹിതത്തിന്റെ 2.76 ശതമാനം ഈ ഇനത്തിൽ കിട്ടി. അത് ഏകദേശം 8200 കോടി രൂപയായാണ് കണക്കാക്കുന്നത്. എന്നാൽ പതിനഞ്ചാം ധന കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ, ഈ വിഷയത്തെ പറ്റി പ്രത്യേകം പറയുന്നില്ല. ഇത് നൽകുന്ന സൂചന കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് ഈ ഇനത്തിൽ കിട്ടേ വിഹിതം കിട്ടില്ലെന്നാണ്. അങ്ങനെ വന്നാൽ കേരളത്തിന് 8200 കോടി രൂപയുടെ നഷ്ടമുണ്ടാകാം.

യഥാർത്ഥത്തിൽ വനവൽക്കരണത്തിൽ വരുന്ന വർദ്ധനവ് സംസ്ഥാനത്തിന് മാത്രമല്ല; രാജ്യത്തിനാകെയും ലോകത്തിനാകെയും ഗുണകരമാകുന്ന ഒന്നായി പരിഗണിക്കുകയാണ് ധനകമ്മീഷൻ ചെയ്യേണ്ടതെന്ന് പഠനം ചൂണ്ടിക്കാണിക്കുന്നു. കേരളം ഭക്ഷ്യക്കമ്മിയുള്ള സംസ്ഥാനമാണ്. രാജ്യത്തെ പ്രതിശീർഷ കൃഷിഭൂമി ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. വനഭൂമി കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ജനങ്ങളുടെ കടുത്ത സമ്മർദ്ദം ഗവൺമെന്റിനു മേലുണ്ടാകും. ഇത് ചെറുത്ത് നിന്ന് മുന്നോട്ട് പോകാൻ സംസ്ഥാനം വിഷമിക്കും. വനം നിലനിർത്താൻ സംസ്ഥാനത്തിന് ഏറെ പണം മുടക്കേണ്ടിവരുന്നു. ഇക്കാര്യത്തിൽ കേരളത്തിന് അർഹമായ നഷ്ടപരിഹാരം കിട്ടണം. 1980 ലെ കേന്ദ്ര വന സംരക്ഷണ നിയമം വന്നതോടെ വനത്തിൽ നിന്ന് വരുമാനവും കുറഞ്ഞു. ഈ വരുമാന നഷ്ടവും വനം നിലനിർത്താൻ ചെലവാകുന്ന പണവും, കാർബൺ നിർഗമനം കുറക്കുന്നതിന് നൽകുന്ന സംഭാവനയും പരിഗണിക്കേണ്ടതാണ്.

ജനപ്രിയ പദ്ധതികളുടെ പേരിൽ സംസ്ഥാനങ്ങൾക്ക് വിഹിതം കുറക്കാനുള്ള നീക്കവും ധനകമ്മീഷനിൽ നിന്നുണ്ടാകുന്നു. ഇതും നീതീകരിക്കാവുന്നതല്ലെന്ന് പഠനം പറയുന്നു. മുൻപ് സംസ്ഥാനങ്ങൾ നടപ്പാക്കിയ ജനപ്രിയ പദ്ധതികളായ ഉച്ചഭക്ഷണ പദ്ധതിയും, വാർധക്യകാല പെൻഷനും മറ്റും പിന്നീട് കേന്ദ്ര സർക്കാർ പകർത്തിയ കാര്യം പഠനം ചൂണ്ടിക്കാട്ടുന്നു.

സംസ്ഥാനങ്ങളുടെ പ്രത്യേകാവശ്യങ്ങൾക്ക് പരിഗണന നൽകുന്ന കാര്യത്തിലും പതിനാലാം ധനകാര്യകമ്മീഷൻ പരിഗണനാ വിഷയങ്ങൾ പര്യാപ്തമല്ല. പലരംഗത്തും കേരളം നേരിടുന്ന രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഗണിക്കേണ്ടതുണ്ട്. പല മേഖലകളിലും കൈവരിച്ച നേട്ടങ്ങളിൽ

നിന്നുണ്ടായ പ്രശ്നങ്ങളിൽ നിന്ന് ഉണ്ടായതാണ് ആ പ്രശ്നങ്ങൾ. വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, ഭവന നിർമ്മാണം, സാമൂഹ്യസുരക്ഷ, ജനസംഖ്യാ നിയന്ത്രണം തുടങ്ങിയ രംഗങ്ങളിലൊക്കെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്ഥമാണ് കേരളത്തിന്റെ പ്രശ്നങ്ങൾ. ഇതൊക്കെ പരിഹരിക്കാൻ സഹായം കിട്ടേണ്ടതാണ്.

ഭരണഘടനാ സ്ഥാപനങ്ങളായ ധനകമ്മീഷനുകളുടെ പ്രസക്തി നഷ്ടപ്പെടുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ഏറെക്കാലമായി നടന്നുവരികയാണന്ന് പഠനം നിരീക്ഷിക്കുന്നു. കേന്ദ്ര സർക്കരിന്റെ താല്പര്യ പ്രകാരം മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി അവ മാറി. സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ പറ്റി ധാരണയുള്ള ഒരാൾ പോലും പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ഇല്ല. ഒരാളൊഴികെ എല്ലാവരും നീതി ആയോഗ് പോലെയുള്ള കേന്ദ്ര സർക്കാർ സംവിധാനങ്ങളുടെ ഭാഗമായി പ്രവർത്തിച്ചവരാണ്. ഒരംഗമായ അമേരിക്കയിലെ ജോർജ് ടൌൺ സർവ്വകലാശാലയിലെ അഡ്ജൻക്ട് പ്രൊഫസറായ ഡോ. അനൂപ് സിങ്ങിനാകട്ടെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുമായി വിദൂരബന്ധം മാത്രമാണുള്ളതെന്നും പഠനം ചൂണ്ടിക്കാട്ടുന്നു. ധനകമ്മീഷന്റെ രൂപീകരണ വിജ്ഞാപനത്തിലും, പരിഗണനാ വിഷയങ്ങളിലും വന്ന പിശകുകളും, കമ്മീഷന്റെ രൂപീകരണത്തിലെ അലസമായ രീതിയെപ്പറ്റി സൂചന നൽകുന്നതായി പഠനം പറയുന്നു. സംസ്ഥാനങ്ങൾക്ക്, പ്രത്യേകിച്ച് കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഒട്ടും ആത്മവിശ്വാസം വളർത്തുന്ന വിധത്തിലല്ല ധനകമ്മീഷന്റെ പരിഗണനാ വിഷയങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. ജനസംഖ്യാ നിയന്ത്രണത്തിൽ വലിയ നേട്ടം കൈവരിച്ച കേരളം പോലെയുള്ള സംസ്ഥാനത്തെ അതിന്റെ പേരിൽ ശിക്ഷിച്ചുകൂടാ. അവർക്ക് കൂടുതൽ പ്രോത്സാഹനം നൽകുകയാണ് വേണ്ടത് എന്ന് പഠനം ചൂണ്ടിക്കാണിക്കുന്നു.

കെ.കെ. കൃഷ്ണകുമാർ

9447045306